"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് 2021-ഒക്ടോബർ 2 മുതൽ 8 വരെയുള്ള വന്യജീവി വാരാഘോഷം- 05.10.2021-ന് സർക്കാർ ഉദ്യോഗസ്ഥരും സ്കൂൾ വിദ്യാർത്ഥികളും പ്രതിജ്ഞ എടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി)വകുപ്പ്

സ.ഉ.(സാധാ) നം.294/2021/വനം തീയതി,തിരുവനന്തപുരം, 16/09/2021

പരാമർശം:- 1. സ.ഉ (സാധാ)നം .218/2020/വനം തീയതി 22-09-2020

2. വനം വന്യജീവി വിഭാഗം മുഖ്യ വനപാലകന്റെ 06-09-2021-ലെ KFDHQ/3423/2021-CWW/WL10 നമ്പർ കത്ത്

ഉത്തരവ്

1. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 മുതൽ ഒരാഴ്ച വന്യജീവി വാരമായി വർഷം തോറും ആചരിച്ച് വരുന്നുണ്ട്. വനത്തിനേയും വന്യജീവികളേയും സംരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി എല്ലാ ജനവിഭാഗങ്ങളെയും ബോധവൽക്കരിക്കുക, സംരക്ഷണ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തവും പ്രേരണയും ഉറപ്പ് വരുത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നത്.

2. വന്യജീവി വാരാഘോഷത്തിന്റെ സന്ദേശം വിദ്യാർത്ഥികളിലും ജീവനക്കാരിലും എത്തിക്കുന്നതിന് 05-10-2021-ന് ഉച്ചയ്ക്ക് മുമ്പ് സർക്കാർ ഉദ്യോഗസ്ഥരും സ്കൂൾ വിദ്യാർത്ഥികളും അവർക്ക് സൗകര്യപ്രദമായ സ്ഥലത്തു വെച്ച് താഴെ കൊടുത്തിരിക്കുന്ന പ്രതിജ്ഞ എടുക്കണമെന്നും ആയതിനുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സ്വീകരിക്കണമെന്നും നിർദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

പ്രതിജ്ഞ

"കേരളത്തിന്റെ കാടുകളും, പുഴകളും, വന്യജീവികളുമെല്ലാം ഞങ്ങളുടെ സ്വത്താണ്, നിലനിൽപ്പാണ്, അഭിമാനമാണ്. വരുംതലമുറകളുടെ അവകാശമാണിവ. ഇവയെ നശിപ്പിക്കാൻ ഒരു ശക്തിയേയും ഞങ്ങൾ അനുവദിക്കുകയില്ല. കാടും, ജല സമൃദ്ധിയും പച്ചപ്പും സംരക്ഷിക്കുമെന്ന് ഈ മണ്ണിൽതൊട്ട് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

കാടിനു കാവൽ നാം തന്നെ
കാടിനു കാവൽ നാം തന്നെ
കാടിനു കാവൽ നാം തന്നെ"

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയറാംകുമാർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

ഗവൺമെന്റ് സെക്രട്ടറിമാർക്ക്

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരള.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ , തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)

ഡയറക്ടർ ,ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന് )

ഡയറക്ടർ ,(പൊതുവിദ്യാഭ്യാസം/ഹയർ സെക്കന്ററി, വി .എച്. എസ്. ഇ)
ജില്ലാ കളക്ടർമാർക്ക്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ ഓഡിറ്റ് ),കേരള ,തിരുവനന്തപുരം
കരുതൽ ശേഖരം /ഓഫീസിൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്,

വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി .എസ്

വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി .എസ്